**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4777** **19-03-2025 - ൽ മറുപടിയ്ക്ക്**

**ഫിഷ് ഫാമുകളുടെ സി.എ.എ. ലൈസൻസ് വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ഫിഷ് ഫാമുകൾക്കാണ് കോസ്റ്റൽ അക്വകൾച്ചർ അതോറിറ്റി ലൈസൻസ് ലഭ്യമായിട്ടുള്ളതെന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | കോസ്റ്റൽ അക്വകൾച്ചർ അതോറിറ്റി ലൈസൻസ് ലഭ്യമായിട്ടുള്ള സംസ്ഥാനത്തെ ഫിഷ് ഫാമുകളുടെ വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |
| (ബി) | സി.എ.എ. ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ; | (ബി) | കോസ്റ്റൽ അക്വാകൾച്ചർ ഫാമുകളുടെ രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി പ്രോസസ്സ് ചെയ്യുന്നതിനും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഡിജിറ്റലായി നൽകുന്നതിനും കർഷകരെ സഹായിക്കുന്നതിന് ദേശീയ തലത്തിൽ ഏകജാലക സംവിധാനം വികസിപ്പിച്ചെടുത്തിട്ടുള്ളതാണ്. ആയതിലൂടെ സി.എ.എ. ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാവുന്നതാണ്.<br><br>2 ഹെക്ടർ വരെ വിസ്തൃതിയുള്ള ഫാമുകൾക്ക് രജിസ്ട്രേഷനുള്ള അപേക്ഷ സി.എ.എ-യ്ക്ക് നേരിട്ട് സമർപ്പിക്കാവുന്നതും 2 മുതൽ 5 |

| ജില്ല | ഫാമുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 10 |
| കൊല്ലം | 29 |
| ആലപ്പുഴ | 295 |
| എറണാകുളം | 384 |
| കോട്ടയം | 1 |
| തൃശ്ശൂർ | 374 |
| മലപ്പുറം | --- |
| കോഴിക്കോട് | 28 |
| കണ്ണൂർ | 88 |
| കാസർഗോഡ് | 1 |
| ആകെ | 1210 |

| | | | |
|---|---|---|---|
| | | | ഹെക്ടർ വരെ വിസ്തൃതിയുള്ള ഫാമുകളുടെ അപേക്ഷ സബ് ഡിവിഷണൽ ലെവൽ കമ്മിറ്റിയുടെ ശുപാർശ സഹിതവും 5 ഹെക്ടറിന് മുകളിൽ വിസ്തൃതിയുള്ള ഫാമുകളുടെ അപേക്ഷ ജില്ലാതല കമ്മിറ്റിയുടെ ശുപാർശ സഹിതവും സി.എ.എ-യ്ക്ക് സമർപ്പിച്ച് അനുമതി നേടാവുന്നതാണ്. പുതുതായി രജിസ്റ്റർ ചെയ്യാനുള്ള കർഷകർക്കും രജിസ്ട്രേഷൻ പുതുക്കാനുള്ള കർഷകർക്കും മത്സ്യഭവനുകൾ മുഖേന നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ കാലതാമസം ഉണ്ടാകുന്നില്ല. |
| (സി) | സി.എ.എ. ലൈസൻസ് ഉള്ള എത്ര ഫാമുകളാണ് കേരളത്തിൽ വനാമി ചെമ്മീൻ കൃഷി നടത്തി വരുന്നതെന്ന് ഫാം വിസ്തൃതി ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കുമോ ? | (സി) | കേരളത്തിൽ വനാമി ചെമ്മീൻ കൃഷി നടത്തിവരുന്ന സി.എ.എ. ലൈസൻസ് ഉള്ള ഫാമുകളുടെ വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | വനാമി ഫാമുകളുടെ എണ്ണം | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|
| തിരുവനന്തപുരം | ....... | ............ |
| കൊല്ലം | 18 | 25.79 |
| ആലപ്പുഴ | 1 | 1.2 |
| എറണാകുളം | -- | -- |
| കോട്ടയം | 1 | 1.5 |
| തൃശ്ശൂർ | 15 | 25.33 |
| മലപ്പുറം | -- | -- |
| കോഴിക്കോട് | .... | ........ |
| കണ്ണൂർ | 48 | 75.166 |
| കാസർഗോഡ് | 1 | 4.00 |
| ആകെ | 84 | 132.986 |

സെക്ഷൻ ഓഫീസർ